# Deepika

## 19 August 2018

## Thiruvananthapuram, Monsoon Fury, Homes Destroyed



# പ്രളയത്തിൽ തകർന്നത് 27,000 വീടുകൾ

**19,512 കോടി രൂപയുടെ നഷ്ടം കണക്കാക്കുന്നു.**

**തിരുവനന്തപുരം:** സംസ്ഥാനത്തു കാലവർഷക്കെടുതിയിൽ തകർന്നത് 27,000 വീടുകൾ. ആയിരത്തോളം വീടുകൾ പൂർണമായും 26,000 ത്തിലധികം വീടുകൾ ഭാഗികമായും തകർന്നു. 3,026 ദുരിതാശ്വാസ ക്യാമ്പുകളിലായി ഇപ്പോൾ 3.53 ലക്ഷം പേരാണുള്ളത്. 40,000 ഹെക്ടറിലധികം കൃഷി നശിച്ചു. 4 6,000 ത്തിലധികം കന്നുകാലികളും രണ്ടു ലക്ഷത്തിലധികം കോഴി-താറാവുകളും ചത്തു.

മേയ് 29നു തുടങ്ങിയ പേമാരിയിൽ 357 പേർ ഇതുവരെ മരണമടഞ്ഞതായും കേരളത്തിലെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദിക്കു മുഖ്യമന്ത്രി പിണറായി വിജയൻ നൽകിയ നിവേദനത്തിൽ പറയുന്നു. പ്രാഥമികമായി 19,512 കോടി രൂപയുടെ നഷ്ടമാണു കണക്കാക്കുന്നത്. 16,000 കിലോമീറ്റർ പൊതുമരാമത്ത് റോഡുകളും 82,000 കിലോമീറ്റർ പ്രാദേശിക റോഡുകളും 134 പാലങ്ങളും തകർന്നു. റോഡുകളുടെ നഷ്ടം മാത്രം 13,000 കോടിയോളം വരും. പാലങ്ങളുടെ നഷ്ടം 800 കോടിയിലധികമാണ്.